## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1901 05.10.2016-ന് മറുപടിയ്ക്ക്**

### വനഭൂമിയുടെ സംരക്ഷണം

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീ.ആർ. രാമചന്ദ്രൻ
ശ്രീ.വി.ആർ. സുനിൽ കുമാർ
ശ്രീ. എൽദോ എബ്രഹാം

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും
മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാഭാവിക വനപരിപാലനത്തിന് എന്തൊക്കെ സംരക്ഷണ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ; | (എ) | സ്വാഭാവിക വനപരിപാലനത്തിനായി വർക്കിംഗ്/മാനേജ്മെന്റ് പ്ലാൻ നിഷ്കർഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കിവരുന്നു. ആവാസവ്യവസ്ഥ പരിപാലനവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ, മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ (ചെക്കുഡാം നിർമ്മാണം, ഗള്ളി പ്ലഗ്ഗിംഗ്) കളനിർമ്മാർജ്ജനം, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ, ദേശീയ ബാംബൂ മിഷൻ, നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം, ഗ്രീൻ ഇന്ത്യാ മിഷൻ തുടങ്ങിയ പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും വനം കയ്യേറ്റം ഉണ്ടായാൽ ആയവ ഉടനടി ഒഴിപ്പിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു.വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനപരിപാലനം നടത്തുന്നു. |
| (ബി) | വനാതിർത്തി നിർണ്ണയിക്കുന്നതിനായി സ്ഥാപിക്കപ്പെട്ട ജണ്ടകൾ പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | വനാതിർത്തി സർവ്വേ ചെയ്ത് ജണ്ട ഇട്ട് തിരിക്കുന്ന നടപടി കഴിഞ്ഞ മൂന്ന് ദശകങ്ങളായി നടന്നുവരുന്നു. കാലപ്പഴക്കത്താലും മറ്റ് കാരണങ്ങളാലും നശിച്ച ജണ്ടകൾ കണ്ടെത്തി അവയും പുതുക്കിപ്പണിയുകയോ പുനർനിർമ്മിക്കുകയോ ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വനഭൂമിയിൽ കൂടുതൽ ജണ്ടകൾ സ്ഥാപിച്ച് വനഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുമോ? | (സി) | സ്വകാര്യ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വനഭൂമിയിൽ വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്ന നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**